# പതിനാലാം കേരള നിയമസഭ
# ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം.2272 05-02-2018-ലെ മറുപടിക്ക്

**ചോദ്യം** **ഉത്തരം**

ശ്രീ.അനൂപ് ജേക്കബ്

ഡോ.ടി.എം. തോമസ് ഐസക്ക്
ധനകാര്യവും കയറും വകുപ്പ് മന്ത്രി

## സർവ്വകലാശാലകളിലെ ഫണ്ട് വിനിയോഗത്തിൽ നിയന്ത്രണം

| | | |
|---|---|---|
| (എ) | സർവ്വകലാശാലകൾ സ്വന്തം നിലയ്ക്ക് കൈകാര്യം ചെയ്തിരുന്ന പദ്ധതിയേതര വിഹിതത്തിലെ ഇടപാടുകൾ ട്രഷറി വഴി നടത്താൻ തീരുമാനം എടുത്തിട്ടുണ്ടോ യെന്ന് വ്യക്തമാക്കുമോ ; | ഇന്റഗ്രേറ്റഡ് ഫിനാൻഷ്യൽ മാനേജ്മെന്റ് സിസ്റ്റം (ഐ.എഫ്.എം.എസ്) നടപ്പിലാക്കി യതിന്റെ ഭാഗമായി ബില്ലുകൾ തയ്യാറാക്കു ന്നതിനുള്ള കേന്ദ്രീകൃത സംവിധാനവും റിസർവ്വ് ബാങ്കിന്റെ പേയ്മെന്റ് പോർട്ടലായ ഇ-കുബേർ-മായുള്ള സംയോജനവും സംസ്ഥാന ട്രഷറിയിൽ ഏർപ്പെടുത്തി. അതിന്റെ ഫലമായി നിലവിൽ ബാങ്കുകളിൽ നടക്കുന്ന നൂതനമായ ഫണ്ട് കൈമാറ്റം ചെയ്യുന്നതിനുള്ള സൗകര്യങ്ങൾ ട്രഷറി കളിൽ ലഭ്യമാണ്. ടി പശ്ചാത്തലത്തിലും സർക്കാർ ഫണ്ടുകൾ ചെലവഴിക്കാതെ ബാങ്ക് അക്കൗണ്ടുകളിൽ അനാവശ്യമായി സൂക്ഷിക്കുന്ന പ്രവണതയ്ക്ക് വിരാമമിടുക യെന്ന ലക്ഷ്യത്തിലും സർക്കാർ വകുപ്പ് / പൊതുമേഖലാസ്ഥാപനം / സ്വയംഭരണ സ്ഥാപനം / ബോർഡ് / കോർപ്പറേഷൻ / തദ്ദേശ സ്വയംഭരണസ്ഥാപനം / യൂണി വേഴ്സിറ്റി എന്നിവയുടെ ബാങ്ക് അക്കൗണ്ടു കളിലേയ്ക്ക് സർക്കാർ ഫണ്ട് മാറ്റുന്നതിന് നിയന്ത്രണം ഏർപ്പെടുത്തിയിരുന്നു. ഗുണ ഭോക്താവിന് പണം കൈമാറുന്നതിന് ടി നിയന്ത്രണം ബാധകമായിരുന്നില്ല. |
| (ബി) | ഉണ്ടെങ്കിൽ ഏതൊക്കെ സർവ്വകലാശാല കളിൽ തീരുമാനം നടപ്പിലാക്കിയെന്ന് അറിയിക്കുമോ ; | |
| (സി) | പ്രസ്തുത തീരുമാനം വഴി സർവ്വകലാ ശാലകളുടെ ഭരണപരവും സാമ്പത്തിക വുമായ സ്വാതന്ത്ര്യം നഷ്ടപ്പെടുന്നത് അക്കാദമിക സ്വയംഭരണത്തെ ദോഷകര മായി ബാധിക്കുമോയെന്നത് സംബന്ധിച്ച് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ ? | |

| | | |
|---|---|---|
| | | പൊതുപണം അതാത് സാമ്പത്തിക വർഷത്തിൽ തന്നെ കാലതാമസം കൂടാതെ അർഹതപ്പെട്ട ഗുണഭോക്താക്കളിലെത്തി ക്കുന്നതിനും നിലവിലെ ചട്ടങ്ങൾക്കും വ്യവസ്ഥകൾക്കും വിരുദ്ധമായി വർഷങ്ങളോളം സർക്കാർ ഫണ്ട് ചെലവഴിക്കാതെ സൂക്ഷിക്കുന്നത് നിരുത്സാഹപ്പെടുത്തുന്നതിനും വേണ്ടിയാണ് മേൽനടപടി കൈക്കൊണ്ടത്. മുകളിൽ പ്രതിപാദിച്ച നടപടിയല്ലാതെ സർവ്വകലാ ശാലകളുടെ സാമ്പത്തിക നിയന്ത്രണം ഏറ്റെടുക്കുകയോ, സർവ്വകലാശാലകൾക്ക് മാത്രമായി പ്രത്യേക സാമ്പത്തിക നിയന്ത്രണ ങ്ങൾ ഏർപ്പെടുത്തുകയോ ചെയ്തിട്ടില്ല. എന്നാൽ നോൺ പ്ലാൻ ഗ്രാന്റ് സർവ്വകലാശാലകളുടെ ബാങ്ക് അക്കൗണ്ടു കളിലേയ്ക്ക് മാറ്റുന്നതിന് യാതൊരു നിയന്ത്രണവും ഇല്ല. |

അക്കൗണ്ട്സ് ഓഫീസർ